വിനോദസഞ്ചാര കേന്ദ്രങ്ങൾ

271 (3708) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിനോദസഞ്ചാരികൾ എത്തുന്ന എത്ര വിനോദസഞ്ചാര സ്ഥലങ്ങൾ ഉണ്ടെന്നാണ് കണക്ക് ; ഇവ എവിടെയൊക്കെ ഏതൊക്കെയെന്ന് വിവരിക്കുമോ ;

(ബി) ഈ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഏതെങ്കിലും തരത്തിൽ ഗ്രേഡ് തിരിച്ച് അറിയപ്പെടുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കേരളത്തിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും നിലവാരം കുറഞ്ഞതും വൃത്തിഹീനവുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; അല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) വാഗമൺ എന്ന വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ച് വിവരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പ്രധാനമായും 44 ടൂറിസം ഡെസ്റ്റിനേഷനുകളാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രത്യേകമായി ഗ്രേഡ് തിരിച്ചിട്ടില്ല.

(സി) വിനോദ സഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് അതാത് ഡി.റ്റി.പി.സി.-കൾ മുഖാന്തരം " Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് ഏതാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡി.റ്റി.പി.സി. തലങ്ങളിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാഗമൺ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഇടുക്കി ഡി.റ്റി.പി.സി.-യും, ഡി.എം.സി.-യും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഗമൺ അഡ്വഞ്ചർ കാർണിവലും സംഘടിപ്പിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2.72 കോടിരൂപ മുതൽമുടക്കുള്ള വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ അടങ്കൽ തുക വരുന്ന വാഗമൺ-തേക്കടി മെഗാ സർക്യൂട്ട് എന്ന പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അന്തിമാനുമതി ലഭ്യമായിട്ടില്ല.

കഴപ്പിള്ളി ബീച്ചിന്റെ നവീകരണം

272 (3709) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി സഞ്ചാരികൾ എത്തുന്ന കഴപ്പിള്ളി ബീച്ചിന്റെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്കായി പ്രസ്തുത പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രദേശത്ത് വാഹന പാർക്കിംഗ്, ടോയ്ലെറ്റ് വഴിവിളക്കുകൾ എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കഴപ്പിള്ളി ബീച്ചിന്റെ സൗന്ദര്യവത്ക്കരണത്തിനും നവീകരണത്തിനുമായി 45,68,814 രൂപ അനുവദിച്ചിട്ടുണ്ട്. സൗന്ദര്യ വത്ക്കരണത്തിന്റെ ഭാഗമായുള്ള സീറ്റിംഗ്, ടോയ്ലറ്റ്, ഷോപ്പ്, പാർക്കിംഗ് ഏരിയ എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly